കേരള സർക്കാർ

# പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.-
ഇ.കെ.എം(ബി.പി.1)396/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം,
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 28.03.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് – 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ് :</u>
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2)അസിസ്റ്റന്റ് ഡവലപ്പ് മെന്റ് കമ്മീഷണർ,എറണാകുളം
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-
ഇ.കെ.എം(ബി.പി.1)396/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം,

സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 28.03.2017

## എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 09.03.2016 മുതൽ 13.02.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. ഇതിൽ 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തീയതി | 13.2.2017 മുതൽ 20.2.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ അജിതൻ ടി.എൻ., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീമതി റസിയ ബീവി ജെ.,ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ജോമോൾ എം. ജോണി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഐഷ മാധവൻ | 1.4.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 1.11.2015 | 18.11.2015 |
| | ശ്രീ ജിൻസൺ വി പോൾ | 19.11.2015 | 31.3.2016 |
| വൈസ് പ്രസിഡന്റ് | ശ്രീ ജോസഫ് ബാബു | 1.4.2015 | 31.10.2015 |
| | ശ്രീമതി ജയ ബിജുമോൻ | 19.11.2015 | 31.3.2016 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |
| വികസന കാര്യം | ശ്രീമതി ഷിജി ഗോപകുമാർ | 1.4.2015 | 31.10.2015 |
| | ശ്രീ സുമിത് സുരേന്ദ്രൻ | 5.12.2015 | 31.3.2016 |
| ക്ഷേമകാര്യം | ശ്രീ ജോണി അരീക്കാട്ടിൽ | 1.4.2015 | 31.10.2015 |
| | ശ്രീമതി ശ്യാമള ഗോപാലൻ | 5.12.2015 | 31.3.2016 |
| വിദ്യാഭ്യാസം & ആരോഗ്യ കാര്യം | ശ്രീമതി ഷീല ബാബു | 1.4.2015 | 31.10.2015 |
| | ശ്രീ വി.സി. കുര്യാക്കോസ് | 5.12.2015 | 31.3.2016 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ.ടി.ബി.മീരാൻകുഞ്ഞ് | 1.4.2015 | 11.2.2016 |
| | ശ്രീസി.എ. മുരളീധരൻ | 12.2.2016 | 31.3.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി. പാമ്പാക്കട) | ഡോ. മേഴ്സി സി.എസ്. | 1.4.2015 | 31.5.2015 |
| | ഡോ. ജീന എസ്. മോഹൻ, സിവിൽ സർജൻ | 1.6.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ പിറവം) | ഡോ.രമ എ.ആർ. ജൂനിയർ കൺസൾട്ടന്റ് | 1.4.2015 | 22.5.2015 |
| | ഡോ. സുനിൽ ജെ. എളന്താറ്റ് | 23.5.2015 | 31.3.2016 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി. രാമമംഗലം) | ഡോ.സുരഭി കെ.ജി. സിവിൽ സർജൻ | 1.4.2015 | 13.10.2015 |
| | ഡോ. കമൽജിത്ത് ജെ. അസിസ്റ്റന്റ് സർജൻ | 14.10.2015 | 31.3.2016 |
| അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | ശ്രീമതി എലിസബത്ത് പുന്നൂസ് | 1.4.2015 | 31.3.2016 |
| ശിശുവികസന പ്രൊജക്ട് ഓഫീസർ | ശ്രീമതി ഉമ കെ.കെ. | 1.4.2015 | 31.3.2016 |

| | | | |
|---|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ആനിയമ്മ വി.സി. | 1.4.2015 | 31.3.2016 |
| അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി സാറ സൂര്യ ജോർജ് | 1.4.2015 | 18.6.2015 |
| | ശ്രീഅശോക് കുമാർ ബി. | 19.6.2015 | 31.3.2016 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി ലിജി ആന്റണി | 1.4.2015 | 31.3.2016 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | തുകതിരിച്ചടച്ചത് | 1-12 |
| | ഭാഗം 2<br>ഇല്ല | |
| | ഭാഗം – 3 | |
| 13 | ദിവസവേതന ഡ്രൈവർക്ക് അധിക വേതനം നൽകി | 3-1 |
| 14 | ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സഞ്ചാരസഹായത്തിന് സൈഡ് വീലോട് കൂടിയ സ്കൂട്ടർ – അപാകതകൾ | 3-2 |
| 15 | ഐ.എ.വൈ. – അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല | 3-3 |
| 16 | ബ്ലോക്ക് ഓഫീസിലേക്ക് എ3 പ്രിന്റർ, ഹാർഡ് ഡിസ്ക് വാങ്ങൽ – സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല | 3-4 |
| 17 | ട്രഞ്ചിംഗ് നടത്തിയതിന് അധിക തുക നൽകിയത് | 3-5 |
| 18 | ഫില്ലിംഗിൽ വിനിയോഗിച്ച റബിളിന്റെ അളവ് കുറവ് ചെയ്തില്ല | 3-6 |
| 19 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. | 3-7 |
| 20 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-8 |

| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
|---|---|---|
| 21 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 30 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 31 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 31 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 32 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്.

2015-16 വർഷത്തെ ബജറ്റ് 23.3.2015 ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളുടേയും യഥാർത്ഥ വരവു ചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 27,63,56,340 | 27,53,87,203 |
| വാർഷിക കണക്കുകൾ പ്രകാരം | 9,13,08,915 | 8,91,42,053 |
| വ്യത്യാസം | 18,50,47,425 | 18,62,45,150 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യവുമായി ബന്ധപ്പെടുത്തി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ ഇനം തിരിച്ച് താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2015-16 | 31.7.2016 | 31.7.2016 | - | - |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2015-16 | സർട്ടിഫിക്കറ്റ് നല്കിയിട്ടില്ല |

വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1. വാടക റജിസ്റ്റർ പ്രകാരം ഈയിനത്തിൽ 31.3.2016-ൽ 45700/-രൂപ പിരിച്ചെടുക്കുവാൻ ബാക്കിയുണ്ടായിരുന്നു. എന്നാൽ ബാലൻസ് ഷീറ്റിൽ (ഷെഡ്യൂൾ ബി-15) കുടിശ്ശികയായി ഈ തുക ചേർത്തിട്ടില്ല.

2. അക്കൗണ്ട്സിൽ തൻവർഷത്തെ വാടകയായി പിരിച്ചെടുക്കേണ്ട തുകയായി ചേർത്തിരിക്കുന്നത് 1,11,515/- രൂപയാണ്. (ഷെഡ്യൂൾ ഐ-3) എന്നാൽ തൻവർഷം പിരിച്ചെടുത്ത തുകയായി ചേർത്തിരിക്കുന്നത് 1,34,115/-രൂപയാണ്. (ഷെഡ്യൂൾ ആർ.പി.43) ഡിമാൻഡ് ചെയ്ത തുകയേക്കാൾ കൂടുതൽ തുകയാണ് പിരിച്ചെടുത്തതായി ചേർത്തിരിക്കുന്നത്.
3. 2014-15-വർഷത്തെ അക്കൗണ്ട്സ് പ്രകാരം 31.3.2015-ൽ 22800/- രൂപ പിരിച്ചെടുക്കുവാൻ ബാക്കിയുണ്ടായിരുന്നു (ഷെഡ്യൂൾ ബി-15). തൻവർഷത്തെ അക്കൗണ്ട്സ് പ്രകാരം കുടിശ്ശികയായി 5700/- രൂപ മാത്രമേ പിരിച്ചെടുത്തിട്ടുള്ളൂ. (ഷെഡ്യൂൾ ആർ പി.43). കുടിശ്ശികയായി പിരിച്ചെടുക്കുവാൻ 17100/- രൂപ ബാക്കിയുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ ഈയിനത്തിൽ തുകയൊന്നും പിരിച്ചെടുക്കുവാൻ ബാക്കിയുള്ളതായി ചേർത്തിട്ടില്ല. *(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,09,22,094 |
| വരവ് | 9,13,08,915 |
| ആകെ | 13,22,31,009 |
| ചെലവ് | 8,91,42,053 |
| നീക്കിയിരിപ്പ് | 4,30,88,956 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം).

| ഫണ്ട് | മുൻബാക്കി | തൻവർഷ വരവ് (*) | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് (RP 40bപ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 2640734 | 20129000 | 22769734 | 20424686 | - | 0 |
| എസ്.സി. പി. | 1732186 | 6013000 | 7745186 | 6787429 | - | 0 |
| ടി.എസ്.പി. | 26000 | 130000 | 156000 | 26000 | - | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | - | - | - | - | - | - |
| സംരക്ഷണ ഗ്രാന്റ്- നോൺ റോഡ് | 457287 | 2931000 | 3388287 | 2716472 | - | 0 |
| ബി ഫണ്ട് | - | 742132 | 742132 | 742132 | - | - |

(*) തൻവർഷത്തെ വരവ് തുക ആകെ വകയിരുത്തിയ തുകയാണ്.

ആകെ വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിക്കാൻ ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഇപ്രകാരം ചെലവഴിക്കാതെ പോയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| ഇനം | തുക |
|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 2345048 |
| എസ്.സി. പി. | 957757 |
| ടി.എസ്.പി. | 130000 |
| സംരക്ഷണ ഗ്രാന്റ്- നോൺ റോഡ് | 671815 |

പഞ്ചായത്തിന് അനുവദിച്ചു കിട്ടുന്ന മുഴുവൻ തുകകളും അതാതു വർഷം തന്നെ ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|

| | | | | | (എണ്ണം) | | |
|---|---|---|---|---|---|---|---|
| 15-16 | 70 | 110491883 | 54 | 31868205 | 11 | 5 | 77 |

# 1-7 തനത് വരുമാനം.

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

| ഇനം | |
|---|---|
| നികുതിയേതര വരവുകൾ | 140015 |
| പലവക വരവുകൾ | 14445 |
| പലിശ വരവ് | 1115819 |
| ആകെ | 1270279 |

# 1-8 ക്ഷേമപദ്ധതികൾ

ബ്ലോക്ക് പഞ്ചായത്ത് സാമൂഹ്യ ക്ഷേമ പെൻഷൻ പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.2.2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1052/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

1.രജിസ്റ്ററുകളുടെസൂക്ഷിപ്പ്.

ഇൻകുബെൻസി രജിസ്റ്റർ. ഓഡിറ്റ് കാലയളവുകളിലെ ഇൻകുബെൻസി രജിസ്റ്റർ കൃത്യമായിഎഴുതി സൂക്ഷിച്ചിട്ടില്ല. ജീവനക്കാരുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നുവെങ്കിലും നിർവ്വഹണോദ്യോഗസ്ഥരുടെ വിവരങ്ങൾ സൂക്ഷിക്കുന്നില്ല. മുഴുവൻ നിർവ്വഹണോദ്യോഗസ്ഥരുടേയും വിവരങ്ങൾ ചേർത്ത് ഇൻക്യുബെൻസി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.ഓരോ വർഷത്തിലും ആർജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ് . വാഹനം നം. KL-17J 4064, 2015-16 വർഷത്തിൽ രണ്ടു പ്രാവശ്യം അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടെങ്കിലും ലോഗ് ബുക്കിൽ അതിന്റെ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. വാഹനവുമായി

ബന്ധപ്പെട്ട എല്ലാ വിവരങ്ങളും രേഖപ്പെടുത്തി ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11/ 2016 | 2015-16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.2.2014മുതൽ 12.2.2014വരെ | 2005-06 മുതൽ 2012-13വരെ | 5/14 |

## 1-12 തുക തിരിച്ചടച്ചത്.

വിവിധയിനങ്ങളിലായി ഓഡിറ്റ് സമയത്ത് കണ്ടെത്തിയ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം 17208 /-രൂപ തിരിച്ചടച്ചിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നം | നിർവ്വഹണോദ്യോഗസ്ഥന്റെ പേര് | തിരിച്ചടച്ച തുക | ചലാൻ നമ്പർ/ തീയതി |
|---|---|---|---|
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1,052 | KL005493045201617M/ 18.2.2017 = 17208/- |
| 3 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 5,496 | |
| 6 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 10,660 | |
| ആകെ | | 17,208 | |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ദിവസ വേതന ഡ്രൈവർക്ക് അധിക വേതനം നൽകിയത്

പ്രസിഡൻറിന്റെ ഔദ്യോഗിക വാഹനം കേടായതിനാൽ 24.4.2015 മുതൽ 21.5.2015 വരെയുള്ള വിവിധ ദിവസങ്ങളിൽ വാഹനം വാടകക്കെടുത്ത് ഉപയോഗിച്ചിട്ടുണ്ട്. ആയതിന് 34000/- (ചെക്ക് നം. 274156/4.6.2015) രൂപ നൽകിയിട്ടുണ്ട്. എന്നാൽ

18-5-2015, 19-5-2015 തീയതികളിൽ വാടക കൂടാതെ 900/- (450 x 2 ) രൂപ ശ്രീ അരുൺ ബാബു, ഡ്രൈവർക്ക് വേതനമായി നൽകിയിട്ടുണ്ട്. വൗച്ചർ നം. 25/ 15-16 /4.6.2015 = 8550 രൂപ ശ്രീ അരുൺ ബാബു, ഡ്രൈവർക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വേതനം നൽകിയിട്ടുണ്ട് . ഈ തുകയിൽ 18-5-2015, 19-5-2015 തീയതികളിൽ വാഹനം ഓടിച്ചതിന്റെ വേതനവും ഉൾപ്പെടുന്നു. ഒരേ ദിവസങ്ങളിൽ രണ്ടു വേതനം നല്കിയതിനു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ വ്യത്യസ്ത സമയങ്ങളിലാണ് വാഹനം ഓടിച്ചതെന്നറിയിച്ചിട്ടുണ്ട്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. അധികം നൽകിയ 900/- രൂപ അരുൺ ബാബു, ഡ്രൈവറിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 3-2 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സഞ്ചാര സഹായത്തിന് സൈഡ് വീലോടുകൂടിയ സ്കൂട്ടർ - അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ നം. / പേര് | എസ് 0034/16, ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സഞ്ചാര സഹായത്തിന് സൈഡ് വീലോടുകൂടിയ സ്കൂട്ടർ, |
| നിർവ്വഹണോദ്യോഗസ്ഥൻ | സി.ഡി.പി.ഒ |
| ചെലവ് വിവരം | 47,25,000/- (ട്രഷറി ബിൽനം.3/1516/17.11.2015) |

കെൽട്രോൺ കൺട്രോൾസ്, അരൂർ-ൽ നിന്നും വികലാംഗർക്കായി പ്രത്യേകം രൂപ കല്പനചെയ്ത സ്കൂട്ടർവാങ്ങി വികലാംഗരായ വ്യക്തികൾക്ക് വിതരണം ചെയ്യുന്നതാണ് പദ്ധതി. യൂണിറ്റൊന്നിന് 67,500/- രൂപ പ്രകാരം സ്കൂട്ടർ വിത്ത് സൈഡ് വീൽ ഏഴ് എണ്ണം വാങ്ങിയിട്ടുണ്ട് (ബിൽ നം.പി.ആർ /21/15-16-472500). ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ആറ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുത്ത താഴെ ചേർക്കുന്ന ഏഴ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിൽ താഴെ ചേർക്കുന്ന അപാകതകൾ വന്നിട്ടുണ്ട്.

1. സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വാങ്ങലുകൾ നടത്തുമ്പോൾ ആയത് പ്രസ്തുത സ്ഥാപനങ്ങൾ നിർമ്മിച്ചത് തന്നെയാണെന്ന് ഉറപ്പു വരുത്തേണ്ടതാണെന്ന് ജി.ഒ.(പി) 3/2013/ എസ്.പി.ഡി./ 21.6.2013-ൽ വ്യക്തമാക്കിയിട്ടുണ്ട്. വാഹനത്തിന്റെ തുക കൈമാറിയിരിക്കുന്നത് കെൽട്രോൺ കൺട്രോൾസ്, അരൂർ- ലേക്കാണെങ്കിലും കോട്ടയത്തുള്ള ജൂബിലി ഓട്ടോമൊബൈൽസിൽ നിന്നുമാണ് ഗുണഭോക്താക്കൾക്ക് വാഹനം (ഹീറോ -പ്ലഷർ) കൈമാറിയിരിക്കുന്നത്.

2. ജൂബിലി ഓട്ടോമൊബൈൽസ് ഓരോ ഗുണഭോക്താക്കൾക്കും നൽകിയിരിക്കുന്ന ബിൽ പ്രകാരം വാഹനത്തിന്റെ വിലയായി ചേർത്തിരിക്കുന്നത് 46400/-രൂപ എന്നാണ്. സൈഡ് വീൽ ഫിറ്റ് ചെയ്തിരിക്കുന്നത് പാലക്കാടുള്ള സുജിത്ത് ഓട്ടോമൊബൈൽസ് എന്ന സ്ഥാപനമാണ്. എന്നാൽ ഫിറ്റിംഗ് ചാർജ് സംബന്ധിച്ച വിവരങ്ങൾ ഇല്ല. ആയതിനാൽ വാഹനത്തിന്റെ വില 67500/- രൂപയായി കെൽട്രോൺ കൺട്രോൾസ് നിശ്ചയിച്ചതെങ്ങനെയാണെന്ന് വ്യക്തമല്ല.

| ക്രമ നം | ഗുണഭോക്താവ്/ ഗ്രാമപഞ്ചായത്തിന്റെ പേര് | ജൂബിലി ഓട്ടോമൊബൈൽസിന്റെ ബിൽ നം. |
|---|---|---|
| 1 | ഷിബി കുര്യാക്കോസ്, പാലക്കുഴ ഗ്രാമപഞ്ചായത്ത് | 1159-02-SNV-1015-3648/ 15.10.2015 |
| 2 | രാജു സി.എം.<br>, കൂത്താട്ടുകുളം ഗ്രാമപഞ്ചായത്ത് | 1159-02-SNV-1015-3650 /15.10.2015 |

| | | |
|---|---|---|
| 3 | കെ.വി.മാത്യു,<br>ഇലഞ്ഞി ഗ്രാമപഞ്ചായത്ത് | 1159-02-SNV-1015-3651/ 15.10.2015 |
| 4 | വാസുദേവൻ വി.ആർ. പിറവം ഗ്രാമപഞ്ചായത്ത് | 1159-02-SNV-1015-3653/ 15.10.2015 |
| 5 | സിജ പി. വർഗീസ്,<br>രാമമംഗലം ഗ്രാമപഞ്ചായത്ത് | 1159-02-SNV-1015-3647/ 15.10.2015 |
| 6 | ഷോബി ,<br>പിറവം ഗ്രാമപഞ്ചായത്ത് | 1159-02-SNV-1015-3654/ 15.10.2015 |
| 7 | സണ്ണി എം.ജെ.,<br>തിരുമാറാടി ഗ്രാമപഞ്ചായത്ത് | 1159-02-SNV-1015-3655/ 15.10.2015 |

3. രണ്ട് ഗുണഭോക്താകൾ മാത്രമാണ് ഡ്രൈവിങ് ലൈസൻസ് എടുത്തിട്ടുള്ളത്.
4. സബ്സിഡി മാർഗരേഖയിലെ നിബന്ധനകൾ പ്രകാരം സർക്കാർ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകുവാൻ പാടുള്ളതല്ല. ബ്ലോക്ക് പഞ്ചായത്തിലെ തന്നെഎൽ.ഡി. ടൈപ്പിസ്റ്റായി ജോലി ചെയ്യുന്ന ശ്രീമതി. സിജ പി. വർഗീസിന് ഓഫീസിൽ വരുന്നതിന് വേണ്ടി സ്കൂട്ടർ വിത്ത് സൈഡ് വീൽ വാങ്ങി നൽകിയിട്ടുണ്ട്. ഗുണഭോക്താവിന്റെ അപേക്ഷയിൽ ആയത് വ്യക്തമാക്കിയിട്ടുണ്ട്. രാമ മംഗലം ഗ്രാമ പഞ്ചായത്തിന്റെ തീരുമാനം 3 / 18.8.2015 പ്രകാരം ധനസഹായത്തിന് 17 ഗുണഭോക്താക്കളുടെ മുൻഗണന ലിസ്റ്റ് നൽകിയിട്ടുണ്ട്. ഇതിൽ മൂന്നാമത്തെ ഗുണഭോക്താവായാണ് ശ്രീമതി സിജ പി.വർഗ്ഗീസിനെ ഉൾപ്പെടുത്തിയിരിക്കുന്നത്. ആദ്യ രണ്ടുപേരെ ഒഴിവാക്കി ധനസഹായംനൽകുന്നതിനു വേണ്ടി മൂന്നാമത്തെ ഗുണഭോക്താവിനെ തെരഞ്ഞെടുത്തതിന്റെ കാരണം വ്യക്തമാക്കിയില്ല. ബാക്കിയുള്ള ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധനക്ക് ലഭിക്കാത്തതിനാൽ ഇവരുടെ മുൻഗണനാക്രമം പരിശോധിക്കുവാനും കഴിഞ്ഞില്ല. അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ജി.ഒ. (എം.എസ്.) 362/ 2013- ത.സ്വ.ഭ.വ./ 16.11.2013 പ്രകാരമുള്ള പൊതു നിബന്ധനകളിലെ 2-14 (I) പ്രകാരം സർക്കാർ ജീവനക്കാരെ 50,000/- രൂപയിൽ കുറവു വരുമാനമുള്ളവരായി കണക്കാക്കാവുന്നതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയിലെ 2.2 പ്രകാരം മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനത്തിനോ, വിഭാഗത്തിനോ സബ്സിഡി നൽകുന്നതിന് സർക്കാരിൽ നിന്നുള്ള മുൻകൂർ അനുമതി ആവശ്യമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.പദ്ധതി നടത്തിപ്പിൽ വന്ന മേൽ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവു തുകയായ 4,72,500/- രൂപയിൽ ശ്രീമതി സിജ പി. വർഗീസിന് ആനുകൂല്യമായി നൽകിയ 67,500/- രൂപ തിരിച്ചു പിടിക്കേണ്ടതും ബാക്കി 4,05,000/- രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

## 3-3 ഐ.എ.വൈ - അഡ്വാൻസ് തുക കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് 2015-16 വർഷം നടപ്പിലാക്കിയ ഐ.എ.വൈ പ്രോജക്റ്റിൻ കീഴിൽ ബ്ലോക്ക് പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് തുകയായി 17500/-രൂപ കൈപ്പറ്റിയെങ്കിലും നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | കരാർ തീയതി | ചെലവ് വിവരം(എഫ്.ടി.ഒ.നം.) |
|---|---|---|
| ശോഭ വിജയൻ,മാളങ്ങാട്ടിൽ | 8.9.2015 | 3743/15.10.2015 |
| ശാന്ത രവി,അടുക്കുഴിയിൽ | 13.8.2015 | 623/26.9.2015 |

| | | |
|---|---|---|
| അമ്പിളി പി.എ.,കുന്നമ്മേൽ | 15.9.2015 | 5743/26.9.2015 |
| വിലാസിനി മത്തായി,ഓലിപ്പുറത്ത് | 25.8.2015 | 1923/30.9.2015 |
| മോളി ജോൺ,ഉരുത്തിക്കാട്ടിൽ | 8.8.2015 | 7816/26.11.2015 |
| ഷീല സുരേന്ദ്രൻ,കാവാട്ട് | 19.8.2015 | 2655/16.10.2015 |
| വൽസമ്മ ജോസഫ്,ഉദയപ്പാറയിൽ | 18.9.2015 | 2885/8.10.2015 |
| ലൗലി ജോസഫ്,തെക്കേവീട്ടിൽ | 13.8.2015 | 2885/8.10.2015 |
| ചന്ദ്രിക ചന്ദ്രൻ,കോരമ്പാടത്തിൽ | 22.9.2015 | 3759/15.10.2015 |
| ചാക്കോ ജോസഫ്,കാവുംപുറത്ത് | 11.9.2015 | 1773/29.9.2015 |
| ബിന്ദുബിജു ,വള്ളിയാംകുഴിയിൽ | 15.9.2015 | 915/4.12.2015 |
| അനു രജനീഷ്, താന്നിക്കൽ | 11.9.2015 | 1712/29.9.2015 |
| ത്രേസ്യ പൈലി,കൈനിപ്പുറത്ത് | 8.9.2015 | 3743/15.10.2015 |
| സാലി മാത്തച്ചൻ ,പ്ലാവടിയിൽ | 15.9.2015 | 590/26.9.2015 |

ആയതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ഗുണഭോക്താക്കളോട് ഭവനനിർമ്മാണം പൂർത്തിയാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും അല്ലാത്ത പക്ഷം മുൻകൂറായി നൽകിയ തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ബ്ലോക്ക് ഓഫീസിലേക്ക് എ3 പ്രിന്റർ ,ഹാർഡ് ഡിസ്ക് വാങ്ങൽ-സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം , പേര് | എസ്.0031/15, ബ്ലോക്ക് ഓഫീസിലേക്ക് എ3 പ്രിന്റർ, എക്സ്റ്റേണൽ ഹാർഡ് ഡിസ്ക്, റിക്കോർഡ് റൂമിലേക്ക് അലമാര വാങ്ങൽ, |

സർക്കാർ സ്ഥാപനങ്ങളും തദ്ദേശ ഭരണ സ്ഥാപനങ്ങളും ടെണ്ടർ നടപടി കൂടാതെകമ്പ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും വാങ്ങാൻ കെൽട്രോണിനെ സമീപിക്കുമ്പോൾ കെൽട്രോൺ നിർമ്മിക്കാത്ത/ അസംബിൾ ചെയ്യാത്തവ ഓർഡർ തുകയുടെ പകുതി വില വരുന്നത് മാത്രമേ വാങ്ങുവാൻ പാടുള്ളൂ. ഓർഡർ തുകയുടെ 50ശതമാനത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റു ബ്രാന്റുകളാണെങ്കിൽ കൊട്ടേഷൻ / ടെണ്ടർ സമ്പ്രദായം സ്വീകരിക്കണമെന്ന് 2.2.2006-ലെ സ.ഉ.(പി) 1/2006/ എസ്.പി.ഡി. -യിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിബന്ധന പാലിക്കാതെയാണ് സെക്രട്ടറി 52200/- രൂപ ചെലവഴിച്ച് (ഡി.ഡി.നം. 574721/27.11.2015) കെൽട്രോണിൽ നിന്നും പ്രിന്റർ (മോഡൽ നം. കാനൺ എൽ ബി പി.3500) , ഹാർഡ് ഡിസ്ക് (1TB ഹാർഡ് ഡിസ്ക് ) (ബിൽനം. ITBG/15-16 /3620/ITP /1207-7.9.2015- 47200/-രൂപ,.l TBG/15-16 /3624/ITP/ 1211- 7.9.2015-5000/- രൂപ) എന്നിവ വാങ്ങിയിരിക്കുന്നത്. ഇത്തരം

അപാകതകൾ സംഭവിക്കാതിരിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 3-5 ട്രഞ്ചിംഗ് നടത്തിയതിന് അധിക തുക നൽകിയത്

| | |
|---|---|
| പ്രൊജക്ട് നം. പേര് | S0021/16, കലമ്പൂർ സ്കൂൾ മല എസ്.സി. കോളനി വാട്ടർ ടാങ്ക്, പമ്പ് സെറ്റ്, & ഇലക്ട്രിക്കൽ വർക്ക് |
| കരാറുകാരൻ | ശ്രീ കെ.എം. ജോർജ്ക്കുട്ടി (below 7.1111 %) |
| അളവു പുസ്തകം | 22/PB/ 15-16/ dtd.12.11.2015 |
| ചെലവ് | 576537 / 29.3.2016 = 752825/- |

പിറവം ഗ്രാമ പഞ്ചായത്തിലെ കലമ്പൂർ സ്കൂൾ മല എസ്.സി. കോളനിയിൽ പമ്പ് സെറ്റ് സ്ഥാപിച്ച് പുതിയതായി വാട്ടർ കണക്ഷൻ നൽകുന്ന പ്രൊജക്ടാണ് നടപ്പിലാക്കിയത് പൈപ്പ് സ്ഥാപിക്കുന്നതിനു ട്രഞ്ചിംഗ് നടത്തിയതിന് അധിക തുക നൽകിയിട്ടുണ്ട്. പൈപ്പ് സ്ഥാപിക്കുന്ന ഇനത്തിൽ ട്രഞ്ചിംഗിനുള്ള നിരക്ക് ഉൾപ്പെടുത്തിയിട്ടും പ്രത്യേകമായി ട്രഞ്ചിംഗ് നടത്തി തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട് . വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. എസ്റ്റിമേറ്റ് ഇനം 1 പ്രകാരം Earth work excavation by mechanical means (Hydraulic excavatorm)/ manual means over areas ( exceeding 30 cm in depth , 1.5m in width as well as 10sqm. On plan ) including disposal of excavated earth , lead up to 50 m and lift up to 1..5m, disposed earth to be levelled and neatly dressed for all kinds of soil (item 2.6.1. CPWD) പ്രവൃത്തിയാണ് ഉൾപ്പെടുത്തിയത്

for passage foundation 1 x 6.00x 1.50 x 0.50 = 4.50
trench for pumping line 1 x 400 x 0.50 x 0.80 = 160.00
trench for distribution line 1x 1400 x 0.50 x 0.80 = 560.00
total = 724.50 m3

ഇപ്രകാരം പമ്പിംഗ് ലൈനിന് വേണ്ടി 400മീറ്റർ നീളത്തിലും വിതരണ പൈപ്പ് സ്ഥാപിക്കുന്നതിനു വേണ്ടി 1400മീറ്റർ നീളത്തിലും ട്രഞ്ചിംഗ് നടത്തുന്നു.
അളവു പുസ്തകം പ്രകാരം ചെയ്തതിന്റെ വിവരം താഴെ കൊടുക്കുന്നു.

| MB page 2 | No | L | B | D | Content area |
|---|---|---|---|---|---|
| Trench for pumping line from OH tank | 1 | 67.50 | 0.50 | 0.80 | 27.00 |
| | 1 | 148.00 | 0.50 | 0.80 | 59.20 |
| | 1 | 145.60 | 0.50 | 0.80 | 58.24 |
| Trench for distribution line from OH tank (school compund) | 1 | 9.70 | 0.50 | 0.50 | 2.43 |
| “ road side from school gate | 1 | 285.50 | 0.50 | 0.80 | 114.20 |
| “ “ branch line | 1 | 252.80 | 0.50 | 0.80 | 102.20 |
| For pump house passage foundation | 1 | 5.35 + 4.60/2 | 2.45 | 0.80 | 6.09 |
| Total | | | | | 368.28 |

| MB page 9 | No | L | B | D | Content area |
|---|---|---|---|---|---|
| Trench for distribution line at main road | 1 | 220.80 | 0.50 | 0.80 | 88.32 |

| | |
|---|---|
| ആകെ | 456.60 m3 (368.28 + 88.32) |

അളവു പുസ്തകം പ്രകാരം 456.60 m3 (368.28 + 88.32) ചെയ്തതിന് 216.36/m3 നിരക്കിൽ 98789.98 രൂപ നൽകുകയും ചെയ്തിട്ടുണ്ട്.
എസ്റ്റിമേറ്റ് ഇനം 22, 23, 24, 25 പ്രകാരം പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന് ക്രമ നം 25 ഒഴികെയുള്ളവക്ക് ഒബ്സർവഡ് ഡേറ്റയാണ് തയ്യാറാക്കിയിട്ടുള്ളത്. ഈ ഡേറ്റായിൽ ( എസ്റ്റിമേറ്റ് ഇനം 22, 23, 24, 25 ) ട്രഞ്ചിംഗിനും റിഫില്ലിംഗിനുമുള്ള നിരക്കും ഉൾപ്പെടുത്തിയിട്ടുണ്ട്.
ഇതിന് നൽകിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| എസ്റ്റിമേറ്റ് ഇനം | Contents ares | rate | Total value to date |
|---|---|---|---|
| 22. providing and fixing PVCpipes including jointing of pipes with one step PVC solvent cement ,trenching, refilling & testing of joints complete as per the direction of engineer – in charge 110mm dia 10kgf/cm2 | 540.30 m | 445.50/m | 240703.65 |
| 23. providing and fixing PVCpipes including jointing of pipes with one step PVC solvent cement ,trenching, refilling & testing of joints complete as per the direction of engineer – in charge 75mm dia 6 kgf/ cm2 | 337.50 m | 264.20/ m | 89167.50 |
| 24 . providing and fixing PVCpipes including jointing of pipes with one step PVC solvent cement ,trenching, refilling & testing of joints complete as per the direction of engineer – in charge 63 mm dia 6kgf/ cm2 | 621.60 m | 228.10 /m | 141786.96 |
| 25 (CPWD 18.12.8) providing and fixing 80 mm G.I. Pipes completes with G.I. Fittings including trenching and refilling etc. : external work | 100.50 m | 885.82/ m | 89024.91 |

പൈപ്പ് സ്ഥാപിക്കുന്നതിൽ ട്രഞ്ചിംഗിനുള്ള നിരക്കും ഉൾപ്പെടുത്തിയതിനാൽ എസ്റ്റിമേറ്റ് ഇനം 1 പ്രകാരം പൈപ്പ് സ്ഥാപിക്കുന്നതിന് വേണ്ടി നടത്തിയ ട്രഞ്ചിംഗിന്റെ ആവശ്യമില്ല. മേൽ അളവുകളിൽ നിന്നും For pump house passage foundation ന്റെ അളവ് കുറവ് ചെയ്ത് 450.51 m3 (456.60 m3- 6.09m3 ) ന് നൽകിയ തുകയായ 90541/- രൂപ (97472 - 6931 , 7.1111 % 97472) അധികമായി നൽകിയിട്ടുണ്ട്.
എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ട്രഞ്ച് നിർമ്മിക്കുവാൻ പറ്റാത്ത ഭാഗത്ത് 80 mm G.I. പൈപ്പാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന് CPWD code 18.12.8 പ്രകാരമുള്ള 885.82/ mരൂപയാണ് നൽകിയിട്ടുള്ളത് ( cost index @ 0.3905). ഈനിരക്കിൽ പൈപ്പ് സ്ഥാപിക്കുന്നതിനു വേണ്ട ട്രഞ്ചിംഗിനും ഫില്ലിംഗിനും വേണ്ട നിരക്ക് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ നിരക്ക് കണക്കാക്കിയതിൽ അധികതുക ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.
CPWD code 18.12 Providing and fixing G.I. Pipes completes with G.I fittings including trenching and refilling etc. external work
CPWD code18.12.8) 80 mm dia nominal bore

| Code no | description | unit | quantity | rate | amount | Amount admissible |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1552 | G.I. Pipes 80 mm dia .......... | metre | 10.200 | 460.00 | 4692.00 | 4692.00 |
| 2271 | Carriage of G.I. Pipes below 100 mm dia | tonne | 0.088128 | 94.65 | 8.34 | 8.34 |
| 9999 | White lead, hemp,oil etc | L.S. | 13.520 | 1.78 | 24.07 | 24.07 |
| | Labour | | | | | |
| 0116 | Fitter (grade 1) | day | 0.250 | 435.00 | 108.75 | 108.75 |
| 0114 | Beldar | day | 0.660 | 329.00 | 217.14 | 217.14 |
| | Trenching and refilling etc. | | | | | |
| 0114 | Beldar | day | 0.660 | 329.00 | 217.14 | |
| 0115 | Coolie | day | 0.660 | 329.00 | 217.14 | |
| | Total | | | | 5484.58 | 5050.30 |
| | Add water charges 1 % | | | | 54.85 | 50.50 |
| | Total | | | | 5539.43 | 5100.80 |
| | Add CPOH @ 15 % | | | | 830.91 | 765.12 |
| | Cost of 10 metre | | | | 6370.34 | 5865.92 |
| | Cost of 1 metre | | | | 637.03 | 586.59 |
| | say | | | | 637.05 | 586.60 |
| | Cost index @ 0.3905 | | | | 248.77 | 229.07 |
| | total | | | | 885.82 | 815.67 |

അധികം നൽകിയ തുക

| | |
|---|---|
| നൽകിയ തുക @ 885.82 | 89024.91 (100.50 m x 885.82) |
| നൽകാവുന്ന തുക @ 815.67 | 81974.84 (100.50 m x 815.67) |
| അധികം നൽകിയ തുക | 6548/- {7050.08 – 501.34 (7.1111 % 7050.08)} |

ആകെ അധികം നൽകിയ തുകയായ 97,089/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-6 ഫില്ലിംഗിൽ വിനിയോഗിച്ച റബിളിന്റെ അളവ് കുറവ് ചെയ്തില്ല

| | |
|---|---|
| കൺവീനറുടെ പേര് | പ്രതീഷ് എൻ.കെ. |
| അളവു പുസ്തകം | 28/PB/ 14-15, 28(2) PB/ 14-15 |
| ചെലവ് | 574029/ 22.09.2015 = 462264/- |

പ്രോജക്ട് നം.S0052/16 (എസ്. 0100/15) പ്രകാരം കാനമല കോളനി നടപ്പാത കോൺക്രീറ്റിംഗ് പ്രവൃത്തിയാണ് നടപ്പിലാക്കിയത്. എസ്റ്റിമേറ്റ് ഇനം 2 പ്രകാരം blasting hard rock for levelling the surface for road ന് വേണ്ടി 99.938/ m3

പാറപ്പൊട്ടിച്ചെടുത്തതിന് 8092/ 10m3 രൂപ നിരക്കിൽ 80869.83 രൂപ കൺവീനർ ശ്രീ.പ്രതീഷ് എൻ.കെ. ക്ക് നൽകി യിട്ടുണ്ട്. അളവു പുസ്തകം 28/PB/14-15 dtd 11.2.15 പേജ് 1പ്രകാരം useful rubble obtained and is used for rubble packing in the road എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി ചെയ്തതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1).പൊട്ടിച്ചെടുത്ത റബിളിന്റെ അളവ് രേഖപ്പെടുത്തുകയോ അവ സ്റ്റാക്ക് ചെയ്യുകയോ ചെയ്തിട്ടില്ല. ആയതിനാൽ 99.938 m3 പൊട്ടിച്ചെടുക്കുമ്പോൾ ലഭിക്കുന്ന 149.907m3 റബിളിന്റെ ഉപയോഗം വ്യക്തമല്ല. എസ്റ്റിമേറ്റ് പ്രകാരം 69.80 മീറ്റർ നീളത്തിൽ 1.50 മീറ്റർ മുതൽ 2.00 മീറ്റർ വരെ വീതിയിലാണ് പാറ പൊട്ടിക്കുന്നത്. വഴിയുടെ ആകെ നീളം 70 മീറ്ററും വീതി 2.80 മീറ്ററുമാണ്. റോഡിൽ റബിൾ പായ്ക്ക് ചെയ്തുവെന്ന് രേഖപ്പെടുത്തിയെങ്കിലും റബിൾ പായ്ക്ക് ചെയ്തതിന്റെ വിവരം അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ, എസ്റ്റിമേറ്റിലോ അളവു പുസ്തകത്തിലോ ഡ്രൈറബിൾ പായ്ക്കിംഗ് എന്ന ഇനം പ്രവൃത്തിയുടെ ആവശ്യകത ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2. എസ്റ്റിമേറ്റ് റിപ്പോർട്ടനുസരിച്ച് മുൻ വർഷങ്ങളിൽ ചെയ്ത ഭാഗം ഒഴിവാക്കി അകെ 43 മീറ്റർ റോഡാണ് ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവൃത്തിയായി ഉൾപ്പെടുത്തിയിരിക്കുന്നത്. ബാക്കി ഭാഗം ഗ്രാമ പഞ്ചായത്താണ് നടപ്പിലാക്കുന്നത്. എന്നാൽ എസ്റ്റിമേറ്റിൽ 70 മീറ്റർ നീളത്തിൽ 241.50m3മണ്ണ് ഫില്ലിംഗും 29.40m3ക്വാറി മക്ക് ഫില്ലിംഗുംഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ 1) മറുപടിയിൽ പാറ പൊട്ടിച്ചപ്പോൾ 20 ശതമാനത്തോളം തെറിച്ചുപോയതായും, കുറച്ച ഭാഗം ചെറിയ കല്ലുകളായതിനാൽ ഉപയോഗിക്കാൻ പറ്റാതെ പോയതായും 100 m3 പാറ സൈറ്റിൽ പായ്ക്ക് ചെയ്യുന്നതിന് വിനിയോഗിച്ചതായും അറിയിച്ചിട്ടുണ്ട്. എന്നാൽ മതിയായ മുൻകരുതൽ എടുക്കാതെ പാറ തെറിച്ചുപോയെന്ന മറുപടി നിലനിൽക്കുന്നതല്ല. ലഭിച്ച പാറ സൈറ്റിൽ വിനിയോഗിച്ചതായി അറിയിച്ചെങ്കിലും റോഡിലെ മണ്ണ് ഫില്ലിംഗിലും ക്വാറി മക്ക് ഫില്ലിംഗിലും ഈ അളവ് കുറവ് വരുത്തിയിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് അനുവദിച്ചിട്ടുണ്ട്.

ഇനം 8 earth fillingusing convenors own earth cut and conveyed from outside : 240 m3 x 2505/10m3 = 60120.00
ഇനം 10 Quarry muck filling including all cost and conveyance etc. 29.40m3 x 885/m3 = 26019.00
ഈ പ്രവൃത്തിയിൽ earth filling നടത്തിയ അളവിൽ നിന്നും വിനിയോഗിച്ച പാറയുടെ അളവായ 100 m3 കുറവ് ചെയ്ത തുകക്ക് മാത്രമാണ് കൺവീനർക്ക് അർഹതയുള്ളത്. ഇപ്രകാരം 140 m3 x 2505/10m3 = 35070/- രൂപ മാത്രമാണ് കൺവീനർക്ക് അർഹമായത്( 240m3-100m3) . അളവ് കുറവ് ചെയ്യാതിരുന്നതിനാൽ വന്ന അധിക ചെലവ് 25050/- ( 60120.00- 35070) രൂപ കൺവീനറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-7 വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടറുടെ 25.02.2015ലെ P2-0569/13/ KSLMA നം. കത്ത്, സ.ഉ. (എം.എസ്.) 58/06 ത.സ്വ.ഭ.വ. നം. കത്ത് 16.02.2016 എന്നിവ പ്രകാരം ജില്ലാ സാക്ഷരതാ മിഷന് 3,000/- രൂപ (വൗച്ചർ നം. 20/2015-16 / 28.5.2015) നൽകിയിട്ടുണ്ട്. ചെലവ് തുകയായ 3000/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-8 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ശിശു വികസന പദ്ധതി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ ശാരീരിക മാനസിക വെല്ലുവിളിയുള്ളവർക്ക് സ്കോളർഷിപ്പ് (എസ് . 0035/16) എന്ന പ്രോജക്ട് പ്രകാരം നൽകുന്നതിലേക്കായി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ആറ് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിലേക്ക് പ്രസ്തുത പ്രോജക്ടിനായി വിഹിതം നൽകുന്നതിലേക്ക് 500000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (ട്രഷറി ബിൽ നം. 5/15-16/ 17.3.2016).

| ക്രമനം | തുക കൈപ്പറ്റിയ സ്ഥാപനത്തിന്റെ പേര് | തുക |
|---|---|---|
| 1 | പാലക്കുഴ ഗ്രാമപഞ്ചായത്ത് | 57000 |
| 2 | രാമമംഗലം ഗ്രാമപഞ്ചായത്ത് | 103000 |
| 3 | ഇലഞ്ഞി ഗ്രാമപഞ്ചായത്ത് | 93000 |
| 4 | പാമ്പാക്കുട ഗ്രാമപഞ്ചായത്ത് | 86000 |
| 5 | കൂത്താട്ടുകുളം മുൻസിപ്പാലിറ്റി | 58000 |
| 6 | പിറവം മുൻസിപ്പാലിറ്റി | 103000 |

പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. രാമമംഗലം ഗ്രാമപഞ്ചായത്തിൽ നിന്നും പിറവം മുൻസിപ്പാലിറ്റിയിൽ നിന്നും തുക കൈപ്പറ്റിയതിന്റെ രസീത് ലഭ്യമാക്കിയിട്ടില്ല.
2. തുക കൈപ്പറ്റിയ സ്ഥാപനങ്ങൾ ആയത് വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 5,00.000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക ധനകാര്യ പത്രിക പ്രകാരം സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം താഴെ കൊടുക്കുന്നു. തുക നൽകിയ സ്ഥാപനങ്ങളുടെ പേരു വിവരങ്ങളും ചെലവിന്റെ വിശദാംശങ്ങളും പഞ്ചായത്ത് ലഭ്യമാക്കാത്തതിനാൽ ആയത് ചേർത്തിട്ടില്ല :-

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2015-16 | 7501734 | IAYഭവനപദ്ധതി | - | - |
| ബ്ലോക്ക്പഞ്ചായത്ത് | 2015-16 | 9259186 | IAYഭവനപദ്ധതി | - | - |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 4829872 | IAYഭവനപദ്ധതി | - | - |

തുക നൽകിയ സ്ഥാപനങ്ങളുടെ പേരു വിവരങ്ങളും ചെലവിന്റെ വിശദാംശങ്ങളും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

മരാമത്ത് പ്രവൃത്തികൾക്ക് 2015-16 വർഷങ്ങളിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷത്തിലെ വായ്പ /വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷം | വായ്പയു ടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരി ച്ചടയ്ക്കാൻ ബാക്കി യുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചട യ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 15-16 | ഇ.എം. എസ്. ഭവന നിർമ്മാണം | സ.ഉ.സാധാ. 1365/10/ 21.4.10 | 1503128 | 901876 | 150313 | - | 751563 |
| | ഐ.എ. വൈ. ഭവന നിർമ്മാണം | സ.ഉ.സാധാ. 90/13/ ത.സ്വഭ.വ /14.3.13 | 4800000 | 4800000 | - | - | 4800000 |
| ആകെ | | | | 5701876 | 150313 | - | 5551563 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

2015-16 വർഷത്തിലെ വാർഷിക കണക്കുകൾ പ്രകാരം സ്ഥിരനിക്ഷേപം ഇല്ല.

## 4-6. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ 2015-16 വർഷത്തിൽ ലഭിച്ച 4998/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2014-15 | 3.1 | 4998 | ശിശു വികസന പ്രൊജക്ട് ഓഫീസർ | 8943/040/ 26.3.2016 |

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

# 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വർഷം | 2015-16 |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 91308915 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89142053 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 190539 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 908000 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 900 | ശ്രീ.ടി.ബി.മീരാൻകുഞ്ഞ്, സെക്രട്ടറി |
| 3-2 | - | 67500 | ശ്രീമതി. ഉമ.കെ.കെ. സി.ഡി.പി.ഒ. |
| 3-5 | - | 97089 | ശ്രീഅശോക് കുമാർ ബി. അസിസ്റ്റൻറ് എക്സി ക്യൂട്ടീവ് എഞ്ചിനീയർ |
| 3-6 | - | 25050 | ശ്രീഅശോക് കുമാർ ബി. അസിസ്റ്റൻറ് എക്സി ക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | - | 190539 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 405000 | ശ്രീമതി. ഉമ കെ.കെ., സി.ഡി.പി .ഒ |
| 3-7 | 3000 | ശ്രീ. ടി.ബി. മീരാൻകുഞ്ഞ്, സെക്രട്ടറി |
| 3-8 | 500000 | ശ്രീമതി. ഉമ കെ.കെ., സി.ഡി.പി .ഒ |
| ആകെ | 908000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ അശോക് കുമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇടപ്പിള്ളി ബ്ലോക്ക്പഞ്ചായത്ത് | ശ്രേയം, മരട് പി.ഒ., എറണാകുളം |
| ശ്രീമതി.ഉമ കെ.കെ., സി.ഡി.പി .ഒ | സി.ഡി.പി .ഒ. പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് | കുറുമൂർ മന ,സംഗമം ലെയിൻ ,പാടിവട്ടം, ഇടപ്പിള്ളി,കൊച്ചി-682024 |
| ശ്രീ.ടി.ബി. മീരാൻകുഞ്ഞ് സെക്രട്ടറി | സെക്രട്ടറി , വടവുകോട് ബ്ലോക്ക് | തട്ടുപറമ്പിൽ ഹൗസ്, അശമന്നൂർ പി.ഒ. |

# 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 1995-96<br>1996-97 | എൽ.എഫ്.ഇ.(സി)834/2000/ 22.1.2001 | - |
| 1997-98 | എൽ.എഫ്.ഇ.(സി).835/2000/22.1.01/ 15.2.01 | - |
| 2000-01<br>2001-02 | എൽ.എഫ്.ഇ.(സി)195/2000/ 20.4.2005 | - |
| 2002-03 | എൽ.എഫ്.ഇ.(സി) 1429/ 05/ 23.5.2006 | - |
| 2003-04 | എൽ.എഫ്.ഇ.(സി)1270/06/ 4.12.07/10.8.07 | - |
| 2007-08 | എൽ.എഫ്.ഇ.(സി)1539/ 08/2.4.09/ 2.11.11 | - |
| 2008-09 | എൽ.എഫ്.ഇ.(സി)464/ 08/ 27.8.09/2.11.11 | - |
| 2009-10 | എൽ.എഫ്.ഇ.(സി) 375/12 /15.5.12/ 5.6.12 | - |
| 2010-11, 2011-12 | എൽ.എഫ്.ഇ.(സി) 284/13/ 15.3.13/ 10.4.13 | - |
| 2012-13 | എൽ.എഫ്.ഇ. (ബി.പി.1) 300/2014 /3.5.14/ 17.5.14 | - |
| 2013-14 &<br>2014-15 | കെ.എസ്.എ.ഇ.കെ.എം. (ബി.പി)577/ 2016/ 2.4.2016 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.1)396/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം,
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 28.03.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4 , കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

# APPENDIX - I

# AUDIT CERTIFICATE - 2015-16

No.KSA-EKM(B.P.1)396/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 – 2422271
email:doekm.ksad@kerala.gov.in

Date : 28.03.2017

Certified that I have audited the Annual Financial Statement of Pampakuda block panchayat in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statements of Pampakuda block panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

JOINT DIRECTOR